"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - കായംകുളം നഗരസഭയിലെ ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ്&ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന റിപ്പോർട്ട്- ടൗൺ പ്ലാനിംഗ് സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1936/2023/LSGD തീയതി,തിരുവനന്തപുരം, 03-10-2023

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.10.2019 തീയതിയിലെ E6(SC 27/2018/ALP)37926/18 നമ്പർ കത്ത്
2. 08.05.2021, 31.05.2023 തീയതികളിലെ ഇയു2-103/2021-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.09.2023 തീയതിയിലെ LSGD/PD/20508/2023-VIGA6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാനവ്യാപകമായി നടത്തിയ പരിശോധനയുടെ ഭാഗമായി കായംകുളം നഗരസഭയിൽ നടത്തിയ പരിശോധനയിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച ഫയലുകളുടെ വിവരം ബിൽഡിംഗ് പെർമിറ്റ് ആപ്ലിക്കേഷൻ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതിൽ ടൗൺ പ്ലാനിംഗ് സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ച വന്നതായി കണ്ടതിനാൽ, പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നതനുസരിച്ച് ടി നഗരസഭയിലെ ടൗൺ പ്ലാനിംഗ് സെക്ഷൻ-1 ,മുൻ സീനിയർക്ലർക്ക് ശ്രീമതി. ജയശ്രീ.ബി, സീനിയർ ക്ലർക്ക് ശ്രീ. ഉണ്ണികൃഷ്ണൻ.പി. എന്നിവർക്കെതിരേ അച്ചടക്ക നടപടികൾ ആരംഭിക്കുകയും പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/ പത്രിക നൽകുകയും ചെയ്തിരുന്നു.

2. കുറ്റാരോപണമെമ്മോ/പത്രികയ്ക്ക് സീനിയർക്ലർക്ക് ശ്രീമതി. ജയശ്രീ.ബി, സമർപ്പിച്ച മറുപടി പ്രകാരം വിജിലൻസ് പരാമർശിച്ച കാലയളവിൽ രാജേഷ്. എസ്. എന്നയാൾ കൂടി സെക്ഷന് കൈകാര്യം ചെയ്തിരുന്നതായും, നഗരസഭയിലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താൻ കൈകാര്യം ചെയ്ത പെർമിറ്റ് നൽകിയ ഫയലുകളെല്ലാം രജിസ്റ്ററിൽ ചേർത്തിരുന്നതായും, തന്റെ ഭാഗത്ത് നിന്നും പരാമർശ ആരോപണങ്ങളിൽ യാതൊരു വീഴ്ചയുമുണ്ടായിട്ടില്ലായെന്നും, സേവനമനുഷ്ഠിച്ച നഗരസഭകളിലെല്ലാം ഏൽപ്പിച്ച ജോലികൾ സത്യസന്ധമായും കൃത്യതയോടെയും നിർവ്വഹിച്ചതായും സർവ്വീസിൽ നിന്നും വിരമിക്കാൻ 3 വർഷം മാത്രം അവശേഷിക്കുന്ന തന്റെ മറുപടി പരിഗണിച്ച് തുടർനടപടികളിൽ നിന്ന്

ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

3. കുറ്റാരോപണമെമ്മോ/പത്രികയ്ക്ക് സീനിയർക്ലർക്ക് ശ്രീ. ഉണ്ണികൃഷ്ണൻ.പി. സമർപ്പിച്ച മറുപടി പ്രകാരം താൻ 26.09.2018 ലാണ് ടൗൺ പ്ലാനിംഗ് സെക്ഷൻ-1 ൽ ചാർജ്ജെടുത്തതെന്നും 03.11.2018ൽ നടന്ന വിജിലൻസ് പരിശോധനയിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച ഫയലുകളുടെ വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ലായെന്നത് വസ്തുതാപരമല്ലായെന്നും സെക്ഷനിൽ ചാർജ്ജെടുക്കുന്ന സമയത്ത് ധാരാളം പെൻഡിംഗ് ഫയലുകൾ ഉണ്ടായിരുന്നതിനാലും ടി സെക്ഷനിൽ പരിചയക്കുറവ് ഉള്ളതിനാലുമാണ് പഴയഫയലുകൾ വിജിലൻസിൽ നേരിട്ട് ഹാജരാക്കേണ്ടി വന്നതെന്നും അറിയിക്കുന്നു. ആയതിനാൽ വിശദീകരണം പരിഗണിച്ച് കുറ്റം ഒഴിവാക്കി തുടർനടപടികളിൽ ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരുന്നു.

4. ജീവനക്കാരുടെ പ്രതിവാദപത്രികയിൽ ആലപ്പുഴ ജില്ലാ ജോയിൻറ് ഡയറക്ടർ മുഖേന അന്വേഷണം നടത്തി ലഭ്യമാക്കിയ റിപ്പോർട്ടിന്റെയടിസ്ഥാനത്തിലുള്ള പ്രിൻസിപ്പൽഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട് പ്രകാരം കായംകുളം നഗരസഭയിൽ 03/11/2018 തീയതിയിൽ വിജിലൻസ് നടത്തിയിട്ടുള്ള പരിശോധനയിൽ 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ നൽകിയ കെട്ടിട നിർമ്മാണാനുമതിക്കുള്ള അപേക്ഷകളുടെ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെന്ന് പരാമർശിച്ചാണ് ടി കാലയളവുകളിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ.ഉണ്ണികൃഷ്ണൻ പി, ശ്രീമതി ജയശ്രീ.ബി എന്നിവർക്കെതിരെ കുറ്റാരോപണമെമ്മോ/കുറ്റപത്രം നൽകിയിട്ടുള്ളത് എന്നും കായംകുളം നഗരസഭയിൽ ടൌൺ പ്ലാനിംഗ് സെക്ഷൻ (2) ന്റെ ചുമതല ശ്രീമതി. ജയശ്രീ.ബിക്ക് 18.10.2016 മുതൽ ഓഫീസ് ഓർഡർ നമ്പർ ജി2.12/2016 പ്രകാരം നഗരസഭ സെക്രട്ടറി നൽകിയിട്ടുള്ളതാണ് എന്നും, ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നഗരസഭയിലെ 44 വാർഡുകളിലെയും കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്തിട്ടുള്ള ഏക ക്ലർക്കായിരുന്ന ശ്രീമതി.ജയശ്രീ. ആയത് കൂടാതെ മാസ്റ്റർ പ്ലാൻ, വിവരാവകാശം, വാഹന പരിപാലന സംബന്ധിയായ ജോലികൾ എന്നിവ ഉൾപ്പെടുന്ന സെക്ഷനും കൈകാര്യം ചെയ്തിരുന്നതും ടിയാൾ തന്നെയാണ് എന്നും അറിയിക്കുന്നു. 2017-18 ൽ 1155 കെട്ടിട നിർമ്മാണാനുമതിയ്ക്കുള്ള ഫയലുകളും 2018-19 വർഷത്തിൽ 1391 ഫയലുകളും നഗരസഭയിൽ ലഭിച്ചിട്ടുള്ളതായി പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ് എന്നും, അതായത് പ്രതിമാസം 100 ലധികം കെട്ടിട നിർമ്മാണാനുമതി ലഭിക്കുന്നതിന് വേണ്ടി മാത്രമുള്ള ഫയലുകൾ നഗരസഭയിൽ ലഭിക്കുന്നുണ്ട്. 03.01.2018 വരെ ശ്രീമതി ജയശ്രീ പ്രസ്തുത ചുമതലകൾ നിർവഹിച്ചിട്ടുള്ളതായും 03.01.2018 ൽ ജി2-13/2018 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ടിയാൾ വഹിച്ചിരുന്ന ചുമതലകളിൽ നിന്നും 22 മുതൽ 36 വരെയുള്ള 15 വാർഡുകളുടെ ചുമതല എ2 സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശ്രീ.എസ്.രാജേഷിന് കൈമാറിയിട്ടുള്ളതുമാണ്. എന്നാൽ ബന്ധപ്പെട്ട പരിശോധനയിൽ ടിയാന്റെ പേര് പരാമർശിക്കപ്പെട്ടതായി കാണുന്നില്ലായെന്നും അറിയിക്കുന്നു.

5. കായംകുളം നഗരസഭയിൽ നിന്നും 04-08-2018 തീയതിയിൽ പത്തനംതിട്ട നഗരസഭയിലേക്ക് റവന്യൂ ഇൻസ്പെക്ടറായി ശ്രീമതി ജയശ്രീ സ്ഥാനക്കയറ്റം ലഭിച്ച സാഹചര്യത്തിൽ ടിയാൾ കൈകാര്യം ചെയ്തിരുന്ന സെക്ഷന്റെ പൂർണ്ണ ചുമതല ശ്രീ.രാജേഷിന് 04-08-2018 തീയതിയിലെ 6290/18 നമ്പർ ഉത്തരവ് പ്രകാരം നല്കിയിട്ടുള്ളതാണ്. തുടർന്ന് 13-08-2018 തീയതിയിലെ ജി-202/2018 നമ്പർ ഉത്തരവ് പ്രകാരം ശ്രീ. രാജേഷിൽ നിന്നും സെക്ഷന്റെ ചുമതല ശ്രീ. ഉണ്ണികൃഷ്ണൻ പി ഏറ്റെടുത്തിട്ടുള്ളതുമാണ്. 13-08-2018 മുതൽ 03-11-2018

തീയതിയിലെ പരിശോധന വരെ ടി സെക്ഷന്റെ പൂർണ്ണ ചുമതല ടിയാന് ആയിരുന്നു. ശ്രീ. ഉണ്ണികൃഷ്ണൻ സെക്ഷൻ കൈകാര്യം ചെയ്ത കാലയളവിൽ നടന്നതായ വിജിലൻസ് പരിശോധനയിൽ ഫയലുകൾ യഥാവിധി കാണിച്ച് ബോധ്യപ്പെടുന്നതിന് ടിയാനുള്ള പരിചയക്കുറവാണ് തുടർപരാമർശങ്ങൾക്ക് ഇടവരുത്തിയിട്ടുള്ളത് എന്ന് കാണുന്നതായും, അന്വേഷണ കാലയളവിൽ കെട്ടിടാനുമതിക്ക് അപേക്ഷ സമർപ്പിക്കുന്നത് സാങ്കേതം സോഫ്റ്റ് വെയർ മുഖേന ആയിരുന്നതായും, കെട്ടിട നിർമ്മാണാനുമതിക്ക് വേണ്ടിയുള്ള അപേക്ഷകളുടെ വിവരങ്ങൾ മാനുവലായി സൂക്ഷിക്കുന്ന രജിസ്റ്ററിൽ ചേർത്തിട്ടില്ലായെന്നാണ് വിജിലൻസ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കുറ്റാരോപണ മെമ്മോയിൽ പരാമർശിക്കുന്നത് എന്നും, എന്നാൽ രജിസ്റ്ററിൽ അപേക്ഷയുടെ പൂർണ്ണമായ വിവരങ്ങൾ എല്ലാ കോളങ്ങളിലും എഴുതി സൂക്ഷിക്കുന്നില്ല എന്നതാണ് രജിസ്റ്റർ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞിട്ടുള്ളത് എന്ന് അറിയിക്കുന്നു. പെർമിറ്റ് രജിസ്റ്ററിൽ അപേക്ഷകരുടെ പേരും വിലാസവും കെട്ടിട നിർമ്മാണ അനുമതിക്ക് വേണ്ടിയുള്ള ഏര്യയും മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നൽകുമ്പോൾ അസിസ്റ്റന്റ് എൻജിനീയർ കെട്ടിട നിർമ്മാണ അനുമതി നൽകുന്നുണ്ട് എന്നും പെർമിറ്റ് രജിസ്റ്ററിൽ അപേക്ഷയോടൊപ്പം നൽകുന്ന പ്ലാൻ പ്രകാരമുള്ള എഫ്.ഐ.ആർ അടക്കമുള്ള മറ്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതാണ് കുറ്റാരോപണ മെമ്മോയിലെ പരാമർശങ്ങൾക്ക് കാരണമെന്നും സങ്കേതം സോഫ്റ്റ് വെയറിൽ നിന്നും കെട്ടിട നിർമ്മാണനുമതി സംബന്ധിച്ചുള്ള പെർമിറ്റ് രജിസ്റ്ററിന്റെ ഹാർഡ് കോപ്പിയുടെ പ്രിൻറ് ലഭ്യമാണ് എന്നും പ്രിൻസിപ്പൽഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

6. ശ്രീമതി.ജയശ്രീ ചൂണ്ടിക്കാണിച്ചിട്ടുള്ളപ്രകാരം, ജോലിഭാരം മൂലമാണ് ഈ വിധമുള്ള ഡിജിറ്റൽ രേഖകൾക്ക് പുറമെ മാനുവൽ രേഖപ്പെടുത്തലുകൾ യഥാവിധി ചെയ്യുന്നതിന് തടസ്സമായിട്ടുള്ളത് എന്നു കാണുന്നതായും, കെട്ടിട നിർമ്മാണ അനുമതി സങ്കേതം സോഫ്റ്റ് വെയറിലൂടെ മാത്രമായ ഓൺലൈൻ സേവനം നിലനിൽക്കുന്ന കാലയളവിലാണ് പരിശോധന നടത്തിയിട്ടുള്ളത് എന്നും ഓൺലൈനിലൂടെ നൽകുന്ന അപേക്ഷകൾ പരിശോധനയ്ക്ക് കൈമാറാവുന്നതും പെർമിറ്റ് ഫീസ് അടവാക്കിയതിന് ശേഷം അനുമതി നൽകുന്നതും ഓൺലൈനിലൂടെ മാത്രമാണ് എന്നും ഇത്തരം പ്രവൃത്തികളുടെ കെട്ടിടനിർമ്മാണനുമതി നൽകിയ വിവരം ഓൺലൈനിലൂടെ രജിസ്റ്ററിന്റെ പകർപ്പ് എടുത്ത് ബോധ്യപ്പെട്ടിട്ടുള്ളതായും, സങ്കേതം സോഫ്റ്റ് വെയറിലൂടെ കെട്ടിട നിർമ്മാണനുമതി നൽകി വന്നിരുന്ന സമയത്തും മാനുവലായി റെജിസ്റ്റർ പരിപാലിക്കപ്പെട്ടെങ്കിലും ആയതിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല എന്ന കുറ്റമാണ് ടിയാളുകളിൽ ആരോപിക്കപ്പെട്ടിരിക്കുന്നത്. മറ്റേതെങ്കിലും തലത്തിലുള്ള ആരോപണങ്ങൾ കുറ്റാരോപണ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ഏതെങ്കിലും സേവനങ്ങൾക്ക് തടസ്സമാകാത്ത തരത്തിലാണ് കെട്ടിട നിർമ്മാണാനുമതി നൽകിയിരുന്നത് എന്നും, ഓൺലൈനിലൂടെ മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതിനാലും മെമ്മോയിൽ ആരോപിക്കപ്പെടുന്ന തരത്തിലുള്ള വിവരങ്ങൾ ഓൺലൈനിലൂടെ തന്നെ ലഭ്യമാകുന്നതിനാലും രജിസ്റ്റർ പരിപാലിച്ചിരുന്നു എങ്കിലും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്താതിരുന്നത് ജോലിഭാരം മൂലമാണെന്നുള്ള വസ്തുത അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും ആയതിനാൽ തുടർനടപടികൾ സ്വീകരിക്കുമ്പോൾ ആയതുകൂടി പരിഗണിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

7.സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ, ജീവനക്കാരുടെ മറുപടി, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച ഫയലുകളുടെ

വിവരം ബിൽഡിംഗ് പെർമിറ്റ് ആപ്ലിക്കേഷൻ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതിൽ ടൗൺ പ്ലാനിംഗ് സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ച വന്നതായി കണ്ടതിനാലാണ് മുൻ സീനിയർക്ലർക്ക് ശ്രീമതി. ജയശ്രീ.ബി, സീനിയർക്ലർക്ക് ശ്രീ. ഉണ്ണിക്കൃഷ്ണൻ.പി. എന്നിവർ ക്കെതിരേ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് കാണുന്നു. എന്നാൽ ടിയാളുകളുടെ മറുപടി പ്രകാരവും ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരവും, ഏതെങ്കിലും സേവനങ്ങൾക്ക് തടസ്സമാകാത്ത തരത്തിലാണ് കെട്ടിട നിർമ്മാണാനുമതി നൽകിയിരുന്നത് എന്നും പ്രസ്തുത ജോലികൾ ഓൺലൈനിലൂടെ മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതിനാലും മെമ്മോയിൽ ആരോപിക്കപ്പെടുന്ന തരത്തിലുള്ള വിവരങ്ങൾ ഓൺലൈനിലൂടെ തന്നെ ലഭ്യമാകുന്നതിനാലും രജിസ്റ്റർ പരിപാലിച്ചിരുന്നു എങ്കിലും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്താതിരുന്നത് ശ്രീമതി. ജയശ്രീ.ബി,-യുടെ ജോലിഭാരം മൂലമാണെന്നുള്ള വസ്തുത അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും കാണുന്നു. കൂടാതെ ശ്രീ. ഉണ്ണികൃഷ്ണൻ സെക്ഷൻ കൈകാര്യം ചെയ്ത കാലയളവിൽ നടന്നതായ വിജിലൻസ് പരിശോധനയിൽ ഫയലുകൾ യഥാവിധി കാണിച്ച് ബോധ്യപ്പെടുന്നതിന് ടിയാനുള്ള പരിചയക്കുറവാണ് തുടർപരാമർശങ്ങൾക്ക് ഇടവരുത്തിയിട്ടുള്ളത് എന്നും കാണുന്നു.

8. മേൽ സാഹചര്യത്തിൽ കായംകുളം നഗരസഭയിൽ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ജീവനക്കാരുടെ ഭാഗത്ത് നിന്നും മനപൂർവ്വമായ വീഴ്ചയുണ്ടായിട്ടില്ലാത്തതിനാൽ, ടൗൺ പ്ലാനിംഗ് സെക്ഷൻ സീനിയർ ക്ലർക്കുമാരായിരുന്ന ശ്രീമതി. ജയശ്രീ.ബി, ശ്രീ. ഉണ്ണിക്കൃഷ്ണൻ.പി. എന്നിവരുടെ മറുപടി പരിഗണിച്ച്, ടിയാളുകൾക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി, 'താക്കീത്' നല്കി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ശ്രീമതി. ജയശ്രീ.ബി, മുൻ സീനിയർ ക്ലാർക്ക് കായംകുളം നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ. ഉണ്ണിക്കൃഷ്ണൻ.പി., സീനിയർ ക്ലാർക്ക് കായംകുളം നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 04-10-2023 10:22:26
സെക്ഷൻ ഓഫീസർ